പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 191 — 28/06/2016 ൽ മറുപടിക്ക്

**കൊയിലാണ്ടി മണ്ഡലത്തിലെ തിരുവണ്ണൂർ, മേലടി കമ്മ്യൂണിറ്റി ഹെൽത്ത് സെൻററുകളിലെ തസ്തിക അനുവദിക്കൽ**

| ചോദ്യം<br>ശ്രീ.കെ. ദാസൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | 2010-ൽ അപ്ഗ്രേഡ് ചെയ്ത് സി.എച്ച്.സി. ആയി ഉയർത്തിയ കൊയിലാണ്ടി മണ്ഡലത്തിലെ തിരുവണ്ണൂർ, മേലടി കമ്മ്യൂണിറ്റി ഹെൽത്ത് സെൻററുകളിൽ ഇതുവരെ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് ഈ കമ്മ്യൂണിറ്റി ഹെൽത്ത് സെൻററുകളിൽ തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ച നിർദ്ദേശങ്ങൾ ഏതെല്ലാം; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ യഥാക്രമം 15/07/2013 -ലെ സി1-1443/2013, 10/04/2015 -ലെ 1-9823/13 എന്നീ കത്തുകൾ പ്രകാരം മേലടി, തിരുവണ്ണൂർ എന്നീ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശുപാർശ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ശുപാർശയുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു |
| (സി) | മുൻ സർക്കാരിന്റെ കാലത്ത് അപ്ഗ്രേഡ് ചെയ്ത കമ്മ്യൂണിറ്റി ഹെൽത്ത് സെൻററുകളിൽ ഏതിലെല്ലാം തസ്തിക അനുവദിച്ച് ഉത്തരവായിട്ടുണ്ട്; തസ്തിക സൃഷ്ടിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡമെന്തായിരുന്നു; | (സി) | 31/08/2013 -ലെ സ.ഉ.(എം.എസ്) നം. 374/13/ആകുവ പ്രകാരം കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി പി.എച്ച്.സി.യെ മാത്രമാണ് സി.എച്ച്.സി. യായി അപ്ഗ്രേഡ് ചെയ്തിട്ടുള്ളത്. ഈ ആശുപത്രിയിൽ അപ്ഗ്രഡേഷന്റെ ഭാഗമായി പുതിയ തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | കൊയിലാണ്ടി മണ്ഡലത്തിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെൻറുകളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ഡി) | തസ്തിക സൃഷ്ടിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| (ഇ) | ഇത് സംബന്ധിച്ച് ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ ഉള്ള ഫയലുകളുടെ വിശദാംശം ലഭ്യമാക്കാമോ? | (ഇ) | മേലടി സി.എച്ച്.സി. യിൽ അധിക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച ഫയൽ നം. 45491/എം1/13/ആകുവ.<br>തിരുവങ്ങൂർ സി.എച്ച്.സി. യിൽ അധിക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച ഫയൽ നം. 21631/എ1/15/ആകുവ. |

Sarala

സെക്ഷൻ ഓഫീസർ